# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4140 12.11.2019 -ൽ മറുപടിയ്ക്ക്

**ഭാഗ്യക്കുറി സമ്മാനത്തുക ലഭ്യമാകുന്നതിലെ കാലതാമസം**

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിന് പുറത്തുള്ളവർക്ക് ഭാഗ്യക്കുറി ലഭിച്ചാൽ സമ്മാനത്തുക ലഭിക്കുവാൻ മാസങ്ങൾ എടുക്കുന്നതായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | (എ) | കേരളത്തിന് പുറത്ത് താമസിക്കുന്നവർ ഹാജരാക്കുന്ന സമ്മാനടിക്കറ്റുകളുടെ സമ്മാന വിതരണം വകുപ്പിലെ ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരമാണ് നടത്തുന്നത്. സമ്മാനവിതരണത്തിന് ആവശ്യമായ രേഖകളെല്ലാം സമ്മാന ടിക്കറ്റിനൊപ്പം സമർപ്പിക്കുകയാണെങ്കിൽ മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ ചെയ്യുന്ന മുറയ്ക്ക് സമ്മാനത്തുക അനുവദിച്ചു വരുന്നു. രേഖകൾ ഹാജരാക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസമാണ് സമ്മാനത്തുക വിതരണം വൈകുന്നതിന് കാരണം. |
| (ബി) | 2017-ലെ കാരുണ്യ ലോട്ടറി ഒന്നാം സമ്മാനമായ ഒരു കോടി രൂപ അടിച്ച കോയമ്പത്തൂർ സ്വദേശിക്ക് ഇനിയും തുക കൈമാറാത്ത സാഹചര്യം എന്താണെന്ന് പരിശോധിക്കുമോ; | (ബി) | കോയമ്പത്തൂർ സ്വദേശിയായ വ്യക്തി കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ ഒന്നാം സമ്മാനാർഹമായ ടിക്കറ്റുകൾ തുടർച്ചയായി ഹാജരാക്കുന്ന സംശയാസ്പദമായ സാഹചര്യത്തിലാണ് തുക വിതരണം നടത്താത്തത്. |

| | | | |
|---|---|---|---|
| (സി) | 2018-ലെയും 2019-ലെയും ആറ് ഒന്നാം സമ്മാന ടിക്കറ്റിലേ ഉൾപ്പെടെ ഇതര സംസ്ഥാന ക്കാർക്ക് അടിച്ച 8.02 കോടിയുടെ സമ്മാനത്തുക ഇനിയും കൈമാറാനായിട്ടു ണ്ടോ; | (സി) | അന്യസംസ്ഥാന സമ്മാനാർഹർ സമ്മാന വിതരണത്തിന് ആവശ്യമായ രേഖകൾ എല്ലാം നോട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കിയാൽ, മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് സമ്മാന വിതരണം നടത്തിവരുന്നു. ടി തുകയിൽ ഒരു കോടി രൂപാ മാത്രമേ വിതരണം ചെയ്യാൻ ബാക്കിയുള്ളൂ. |
| (ഡി) | കഴിഞ്ഞ രണ്ടു വർഷത്തിനിടെ നറുക്കെടുത്ത ലോട്ടറികളിൽ പൂജാ ബംബറും സമ്മർ ബംബറും വിഷു ബംബറും കാരുണ്യയും ഉൾപ്പെടെ എഴുപത്തിനാല് ലോട്ടറികളുടെ ഒന്നാം സമ്മാന ങ്ങൾ നേടിയത് ഇതര സംസ്ഥാനത്തുള്ളവരാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ഡി) | ഉണ്ട്. പ്രസ്തുത സമ്മാനാർഹരിൽ ഭൂരിഭാഗവും കേരളത്തിൽ ജോലി ചെയ്യുന്ന അന്യ സംസ്ഥാനക്കാരാണ്. |
| (ഇ) | എങ്കിൽ അവർക്ക് സമ്മാന ത്തുക കയ്യിൽ ലഭിക്കുന്നത് വേഗത്തിലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാകും; വിശദാംശങ്ങൾ നൽകുമോ? | (ഇ) | ലോട്ടറി ചട്ടങ്ങൾക്കനുസരിച്ച് മാത്രമേ സമ്മാനവിതരണം നടത്താൻ നിർവ്വാഹ മുള്ളൂ. നോട്ടറി സാക്ഷ്യപ്പെടുത്തിയ ആവശ്യമായ രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് സമ്മാന വിതരണം നടത്തിവരുന്നു. സമ്മാന വിതരണത്തിന് ആവശ്യമായ രേഖകളുടെ കുറവു കൊണ്ടോ കോടതി കേസുകൾ കൊണ്ടോ ആണ് സമ്മാനത്തുക വിതരണം വൈകുന്നത്. |

സെക്ഷൻ ഓഫീസർ